# പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പാരമ്പര്യ വഴികൾ

ഡോ. ഹേമമാലിനി എം.
അസി. പ്രൊഫസർ,
സെന്റ് മേരീസ് കോളേജ്,
തൃശൂർ

പാരിസ്ഥിതിക സ്ത്രീവാദം എന്ന പദം ആദ്യമായി ഉപയോഗിച്ചത് 1974 ൽ ഫ്രഞ്ച് സാഹിത്യനിരൂപകനായ ഫ്രാൻ സ്വാ ദി യൂബോൻ ആണ്. ഫെമിനിസം അല്ലെങ്കിൽ മരണം എന്ന ഫ്രഞ്ച് ഭാഷയിലെഴുതിയ ഗ്രന്ഥത്തിൽ സ്ത്രീപീഡനവും പരിസ്ഥിതി ചൂഷണവുമായി അഭേദ്യബന്ധമുണ്ടെന്നവർ നിരീക്ഷിച്ചു. സ്ത്രീശക്തിയെ ഭൂമിയുടെ പരിസ്ഥിതി സംതുലന ക്രമീകരണങ്ങൾക്കായി ഉപയോഗപ്പെടുത്തുവാൻ ആഹ്വാനം ചെയ്തുകൊണ്ടാണ് ഫ്രാൻസ്വാ ഈ പദം ഉപയോഗിക്കുന്നത്. സമൂഹത്തിന്റെ എല്ലാ തലങ്ങളിലുമുള്ള എല്ലാത്തരം അധികാര സ്വഭാവങ്ങളേയും നിരാകരിച്ചുകൊണ്ട് സഹവർത്തിത്വം നടപ്പിലാക്കുക എന്നതാണ് പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ജീവരേഖയായി ഈ പദ്ധതിയുടെ പ്രയോക്താവ് അവതരിപ്പിക്കുന്നത്. ഒരു വ്യാഴവട്ടത്തിനു ശേഷം സ്ത്രീയും പ്രകൃതിയും തമ്മിൽ എന്തുകൊണ്ട് ബന്ധപ്പെടുത്തി ചർച്ച ചെയ്യുന്നു എന്ന് അന്വേഷിച്ച കാരൻ. ജെ. വാറൻ ആ ബന്ധം മനസ്സിലാക്കുന്നതിനായി സ്ത്രീസംവാദ സിദ്ധാന്തങ്ങൾ പരിസ്ഥിതി വീക്ഷണങ്ങൾ ഉൾക്കൊള്ളേണ്ടതാണെന്നും തിരിച്ച് പരിസ്ഥിതി നിർദ്ധാരണങ്ങൾ സ്ത്രീപക്ഷതയെ സ്വീകരിക്കണമെന്നും നിർദ്ദേശിക്കുന്നു. പ്രധാനമായും പ്രകൃതിയും സ്ത്രീയും നേരിടുന്ന വർത്തമാനകാല പീഡിതാവസ്ഥകളുടെ സമാനതകളെ മുൻനിർത്തിയാണ് ഈ സിദ്ധാന്തം രൂപപ്പെട്ടതും വികസ്വരമായതും. എന്നാൽ പ്രകൃതിയും സ്ത്രീയും തമ്മിലുള്ള ദൃഢബന്ധങ്ങൾ താത്ത്വിക പരിസരങ്ങൾക്ക് പുറത്ത് കാലങ്ങൾക്കു മുമ്പേ നിലനിൽക്കുന്നുണ്ട്. ദേശങ്ങളുടെ കാലങ്ങളുടെ വരമ്പുകളെ വെല്ലുവിളിച്ച് നിലനിന്നിരുന്നതാണ് ഈ ബന്ധമെന്നമെന്നതാണ് ഇതിലെ ശക്തിയും യുക്തിയും. ഒട്ടുമിക്ക പുരാണങ്ങളും സ്ത്രീയെ ഭൂമിയോടും കൃഷിയിടങ്ങളോടും ഉപമിക്കുന്നുണ്ട്. Mother Earth എന്ന സങ്കല്പം ഇപ്രകാരം ഉർവ്വ





രതാബന്ധങ്ങളിൽ നിന്നു ഉരുത്തിരിഞ്ഞു വന്നിട്ടുള്ളതാണ്. ലോകത്തെവിടേയുമുള്ള സംസ്ക്കാരങ്ങളിൽ ഇത്തരം പ്രകൃതി -മാതൃബിംബങ്ങളുടെ സങ്കലനം കാണാം. ഭാരതീയ സങ്കൽപ്പത്തിലെ ദേവതമാർ, യവനപുരാണത്തിലെ അസംഖ്യം ദേവതമാർ, ഗയ എന്നിവർക്കു പ്രകൃതിയുമായുള്ള ബന്ധങ്ങൾ പ്രത്യേകം പ്രസ്താവ്യമാണ്. ഉർവ്വരത ഇരുകൂട്ടരേയും ജീവദായനികളും സംരക്ഷിതരുമാക്കിത്തീർക്കുന്നു.

ആദിമനുഷ്യൻ പൂർണ്ണമായി മനസ്സിലാക്കാനോ മുൻകൂട്ടി നിർണ്ണയിക്കാനോ കഴിയാതിരുന്ന പ്രകൃതി പ്രതിഭാസങ്ങളെ ആരാധിച്ചിരുന്നു. മനുഷ്യസംസ്കാര സംക്രമണഘട്ടങ്ങളിൽ ആരാധനാ മൂർത്തികൾക്ക് ബിംബാത്മകത്വം കൈവന്നപ്പോൾ, അവയ്ക്കു നൽകിയ പ്രതിച്ഛായകൾ മിക്കതും സ്ത്രീരൂപങ്ങളുടേതായിരുന്നു. മോഹൻജദാരോ ഹാരപ്പ സംസ്കാരഘട്ടത്തിന്റെ ശേഷിപ്പുകളായ മൃത്‌രൂപങ്ങൾ അമ്മ ദൈവസങ്കൽപ്പത്തിന്റെ പ്രാക്തനതയെ വെളിപ്പെടുത്തുന്നുണ്ട്. വേദകാലമാകുമ്പോഴേക്കും അഗ്നായി, പൃഥിവീ, ഇളാ, അദിതി, സരമാ, രാകാ, സീനിവാലി എന്നിങ്ങനെ ദേവതമാരുടെ നിര ദീർഘിക്കുന്നു. ആരാധനാമൂർത്തികളിൽ ഇപ്രകാരം പ്രകൃതി സ്ത്രീ മാതൃകകളെ അവരോധിക്കുന്ന പ്രാക്ചരിത്രം, പ്രകൃതി-സ്ത്രീ സമാനസങ്കല്പങ്ങളുടെ പ്രാക്തനതയെ തെളിയിക്കുന്നു.

അറിവും അറിവിന്റെ വിനിമയവും ഒരു വ്യക്തിയുടെയും സമൂഹത്തിന്റെയും നന്മയ്ക്കും വികസനത്തിനും അത്യന്താപേക്ഷിതമാണ്. അതുകൊണ്ടുതന്നെ അറിവിന്റെ സമ്പാദനവും സംരക്ഷണവും പ്രധാനമാണ്. കാലാകാലമായി മനുഷ്യരാശി പലവിധമായാണ് അറിവുകൾ ആർജ്ജിക്കുന്നത്. യുക്തിഭദ്രവും രേഖീയവുമായ കാർട്ടീസിയൻ മാതൃകയിലെ ശാസ്ത്രമാർഗ്ഗത്തെയാണ് പടിഞ്ഞാറൻ സംസ്കാരം അംഗീകരിക്കുന്നത്. എന്നാൽ ജ്ഞാനസമ്പാദനത്തിന്റെ ഇതരമാർഗ്ഗങ്ങൾ ചർച്ചചെയ്യേണ്ടതാണെന്ന പക്ഷം ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽ പ്രബലമായി. പടിഞ്ഞാറൻ വീക്ഷണങ്ങൾ, പ്രകൃതിയുമായി അഗാധമായ വൈകാരിക ബന്ധം സ്ഥാപിക്കുന്ന ഗോത്രവർഗ്ഗക്കാർ അനുഭവങ്ങളിലൂടെ നേടിയ അറിവിനെ തള്ളിക്കളയുന്നുണ്ട്. തീർത്തും മനുഷ്യകേന്ദ്രിതമായ ചിന്താവികാസപദ്ധതി പിന്തുടരുന്നതുകൊണ്ട് പ്രകൃതിയുമായുള്ള അഗാധമായ വൈകാരിക ബന്ധമെന്നതു പാശ്ചാത്യർക്കു അപരിചിതമായ ഭാഷയാണ്. എന്നാൽ വർത്തമാനകാലത്തിലെ പ്രകൃതിക്ഷോഭങ്ങളും ആഗോളതാപനവും പല തുടർചിന്തനങ്ങൾക്കും പ്രേരിപ്പിക്കുന്നുണ്ട്. ഇവിടെയാണ് നാട്ടറിവുകൾ, ശീലങ്ങൾ പ്രസക്തമാവുന്നത്. ആഗോളവൽക്കരണത്തിന്റെയും അധിനിവേശത്തിന്റെയും തള്ളലുകളിൽ പ്രാന്തവൽക്കരിക്കപ്പെടുകയും വിസ്മൃതിയിലേയ്ക്കു താണുപോകുകയും ചെയ്യുകയാണ് നാട്ടറിവുകൾ. പല ജീവസന്ധാരണപ്രക്രിയകളും അതിൽനിന്നുൽഭൂതമാകുന്ന പ്രശ്നങ്ങളും ആഗോള സ്വഭാവത്തിലൂടെ നിർദ്ധാരണം ചെയ്യാനാവില്ല. അവ ഒരു പ്രത്യേക പരിതോവസ്ഥയിൽ ജീവിച്ചു വരുന്നവർ കാലങ്ങളായിനടത്തുന്ന നിരീക്ഷണങ്ങളിലൂടെയും നേരിടുന്ന അനുഭവങ്ങളിലൂടെയും ആർജ്ജിച്ച അറിവും വിവേകവും കൊണ്ടേ പരിഹരിക്കാനാകു.

നാട്ടറിവുകൾ പ്രധാനമായും വിനിമയം ചെയ്യപ്പെടുന്നത് വാമൊഴിയിലൂടെയാണ്. ഇത് ഒരു വഴക്കമാകാൻ പലപ്പോഴും അറിവുകളെ ആചാരങ്ങളെ അറിവുകളുമായി ബന്ധപ്പെടുത്തുന്നു. കാർഷികവൃത്തി, ഭക്ഷ്യോൽപാദനവും സംഭരണവും, ആരോഗ്യ പരിപാ

ISSN 2278-750X

ലനം, വിദ്യാഭ്യാസം എന്നിങ്ങനെ പല മേഖലകളിലും ആദിമ ജനത സ്വായത്തമാക്കിയ നാട്ടറിവുകൾ ജന്തുവർഗ്ഗത്തിന്റെ അതിജീവനത്തിനും പ്രകൃതിയുടെ സന്തുലനത്തിനും പരമ പ്രധാനമാകുന്നു. പര്യാവരണ സംവിധാനത്തിനു പരുക്കേൽപ്പിക്കാതെ ഫലപ്രദമായ ഒരു ജീവസന്ധാരണ മാർഗ്ഗം രൂപപ്പെടുത്തുക എന്ന വിശാലമായ കാഴ്ച്ചപ്പാടാണ് നാട്ടറിവു പകരുന്നത്.

ജീവസ്രോതസ്സിന് സ്ത്രൈണസ്വത്വവുമായുള്ള ബന്ധം പുരാതനകാലം മുതലേ പ്രസിദ്ധമാണ്. ഭൂമിയെ മാറി മാറി പരിണയിക്കുന്ന ഋതുക്കൾ എന്ന മിത്ത് എല്ലാ സംസ്ക്കാരത്തിലുമുണ്ട്. സ്ത്രീ പ്രകൃതിയുമായി ബന്ധപ്പെട്ട അറിവുകളുടെ പരിരക്ഷകയും ജീവദാതാവ് എന്ന നിലയിൽ പരിസ്ഥിതി സംരക്ഷകയുമാണ്. ഇവിടെയാണ് സ്ത്രീപക്ഷ പരിസ്ഥിതി സംവാദത്തിന്റെ പ്രസക്തി ചർച്ച ചെയ്യേണ്ടത്. ആത്മനിഷ്ഠമായ വിമോചനത്തിന്റെ ആത്മീയതലം എല്ലാ സംസ്കൃതിയിലുമുണ്ട്. പിന്നീടതിനെ സഞ്ചിതമായ പ്രബോധനമാക്കി മാറ്റുമ്പോഴാണ് കരുത്തും വീറും ആർജ്ജിക്കുന്നത്. ഇതിനു വിനിമയം അനിവാര്യവുമാണ്. വിനിമയമാണ് നിർദ്ധാരണത്തെ സാധ്യമാക്കുന്നത്. അന്തർബോധോദയം എന്ന അനുഭവം ഇവിടെ പ്രസക്തമാവുന്നു. സ്ത്രീകൾക്കിടയിൽ ഇങ്ങനെ ഒന്ന് ഉരുത്തിരിയുവാനുള്ള ഒരു പാരമ്പര്യം നാടൻ സംസ്കൃതിയിലുണ്ട്. അത് വാമൊഴി പാരമ്പര്യത്തിൽ നിന്ന് ആരംഭിക്കുന്നു. സ്ത്രീകൾ മാത്രം ഉപയോഗിക്കുന്ന ചൊല്ലുകൾ സ്ത്രീകൾ മാത്രം ഉള്ള സന്ദർഭങ്ങളിൽ പാടുന്ന പാട്ടുകൾ, കഥകൾ എന്നിവയെല്ലാം ആ പാരമ്പര്യത്തിലുൾപ്പെടുന്നു. പണ്ട് ജനനവിവാഹാവസരങ്ങൾ സ്ത്രീകൽക്ക് സ്വതന്ത്രമായി ഇടപെടാനുള്ള അവസരങ്ങളായിരുന്നു. ഗാർഹികവൃത്തത്തിലെ ചുമതലകൾക്കിടയിലെ ഈ അസുലഭാവസരങ്ങളെല്ലാം സ്ത്രീയുടെ ആവിഷ്ക്കാരത്തിന്റെ വേദികളാകുന്നതോടൊപ്പം തന്നെ പരിസ്ഥിതിയുമായി തങ്ങൾക്കുള്ള ചാർച്ചകളുടെ പ്രഖ്യാപനവുമായിരുന്നു.

## ഉറുമ്പിനെ ഊട്ടിയൂട്ടി...

മാവേലി നാടുവാണിരുന്ന കാലത്തെക്കുറിച്ചുള്ള മുഗ്ദ്ധസങ്കല്പത്തിന്റെ അടിസ്ഥാനം മനുഷ്യരെല്ലാരും ഒന്നുപോലെ എന്ന സോഷ്യലിസ്റ്റ് ആദർശമാണ്. എന്നാൽ പ്രകൃതിയെ അതിന്റെ സാകല്യത്തിൽ ദർശിക്കുക എന്നതാണ് പൗരസ്ത്യചിന്തകൾ പഠിപ്പിക്കുന്നത്. വലുത്-ചെറുത്, മനുഷ്യൻ-മൃഗം എന്നീ ഭാവഭേദങ്ങളിൽ നിന്നും മുക്തനാകുമ്പോഴാണ് ഒരാൾ വിശുദ്ധവിജ്ഞനനാകുന്നത് എന്നു ഭഗവദ്ഗീത. നമ്മുടെ ഓരോ ആഘോഷവേളകളിലും ഇങ്ങനെ പ്രകൃതിയിലെ ചരാചരങ്ങളെ സാകല്യത്തോടെ ഉൾചേർക്കുന്ന പതിവുണ്ട്. വിഷു പുലർച്ചേ വീട്ടിലുള്ള ഏവരേയും കണികാണിച്ച് കണിയുരുളിയെടുത്ത് തൊഴുത്തിലെ പൈക്കളേയും, പറമ്പിലെ വൃക്ഷങ്ങളേയും കണികാണിക്കുന്ന പതിവുണ്ട്. ഓണത്തിനു വീടിനു മുമ്പിൽ മുറ്റത്ത് തൃക്കാക്കരയപ്പനു അടയും പഴവും നിവേദിക്കുന്നതും, തെക്കൻ കേരളത്തിൽ ഓണത്തിനു ശേഷം സ്ത്രീകൾ ഉറുമ്പൂട്ട് നടത്തുന്നതും പ്രപഞ്ചത്തിലെ ഏറ്റവും നിസ്സാരങ്ങളെന്നു കരുതുന്ന ഉറുമ്പുകളെക്കൂടി ഈ ആഘോഷങ്ങളിൽ പങ്കാളികളാക്കുകയാണ്. കേരളത്തിനു പുറത്തുള്ള നാടുകളിൽ അരിമാവു കൊണ്ട് എന്നും കോലമിട്ട് ഉറുമ്പുകളെ ഊട്ടുന്നതിന്റെയും നമ്മുടെ മുൻ തലമുറ എന്നും ഉണ്ണുന്നതിനു മുമ്പ് ഒരു ഉരുള കാക്കയ്ക്കു വേണ്ടി ഉരുട്ടി വയ്ക്കുന്നതിന്റെയും തുടർച്ചകളാണ്




ISSN 2278-750X

ഈ ഉത്സവാഘോഷച്ചടങ്ങുകളും. ഇതെല്ലാം സ്ത്രീകളുടെ ആഭിമുഖ്യത്തിലാണ് നടത്തുന്നത് എന്നതാണ് പ്രധാനം. അഫ്ഗാനിസ്ഥാനിലെ ഋശറല ചമൗൌ എന്ന ആഘോഷത്തിൽ സ്ത്രീകൾ ടമാമിമസ എന്ന ഭക്ഷണം ഉണ്ടാക്കി രാത്രി ഒന്നിച്ചു കൂടി പങ്കു വച്ചു ഭക്ഷിക്കുന്ന ശീലമുണ്ടത്രേ. ആ സമയത്ത് അവർ നടത്തുന്ന ഒരു ചടങ്ങാണ് ടമയ്വശഹമവമഃ. 'പുല്ലിനെ സ്പർശിക്കുക' എന്നാണ് ഇതിന്റെ അർത്ഥം. ഭൂമിയിലെ ഏറ്റവും നിസ്സാരമായതിനെ വണങ്ങുക എന്ന ആദർശമാണിതിലുള്ളത്. ഇങ്ങനെ ലോകത്തെവിടെയും സ്ത്രീ, ആഘോഷങ്ങളിൽ, ആനന്ദവേളകളിൽ പ്രകൃതിയുടെ മിടിപ്പുകളെ തിരിച്ചറിയുന്നു.

## അന്ന വിചാരങ്ങൾ

ഒരു സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും അടയാളപ്പെടുത്തലുകളിൽ ഭക്ഷണത്തിനുള്ള പ്രാധാന്യം പാചകോചിത നരവംശപഠനങ്ങൾ (ഈഹാശിമ്യ്യ ഋവേശാീഴ്യമുവ്യ) അതത് പ്രദേശത്തെ ഭക്ഷ്യസംവിധാനം, ഭക്ഷ്യവസ്തുലഭ്യത, കാർഷികരീതി എന്നിവയിലേയ്ക്കു വെളിച്ചം വീശുന്നു. ഒരാഗോളഭക്ഷ്യസംസ്ക്കാരം കൊണ്ടുവരുന്ന ജീവിത ഉപഭോഗങ്ങളുടെ പശ്ചാത്തലത്തിലാണ് ഇത്തരം പഠനങ്ങൾ പ്രസക്തമാകുന്നത്. നിത്യജീവിതത്തിലെ ഭക്ഷണ പദാർത്ഥങ്ങൾ ആഘോഷാവസരങ്ങളിലെ സദ്യ ഇനങ്ങൾ ആചാരാനുഷ്ഠാനങ്ങളിലെ ഭക്ഷണവിഭവങ്ങൾ ദേവാലയങ്ങളിലെ വഴിപാടുകൾ എന്നിവയെല്ലാം സാമൂഹ്യവിവക്ഷിതാർത്ഥങ്ങളുടെ സമവായങ്ങളിലേയ്ക്കു മാത്രമല്ല, ഉൾക്കാഴ്ച നല്കുന്നത്. പാചകസംബന്ധിയായ പരിപ്രേക്ഷ്യം രക്തബന്ധചർച്ചകളുടെയും ലിംഗാധിഷ്ഠിതവും നരവംശശാസ്ത്രപരവുമായ താരതമ്യത്തിനുതകുന്നവയാണ്. ഇവിടെയെല്ലാം സ്ത്രീകളും ഭക്ഷണശീലങ്ങളും തമ്മിലുള്ള പരമ്പരാഗതമായ ബന്ധങ്ങൾ കാണാം. പാചകം ചെയ്യുന്നതിനു മാത്രമല്ല, അത് പങ്കു വച്ചു നല്കുന്നതിലും സ്ത്രീയ്ക്കു സഹജമായ വാസനയുണ്ട്. ലഭ്യമായ വിഭവങ്ങൾ പാചകം ചെയ്തു പങ്കുവയ്ക്കുക വഴി വിരസവും ഏകതാനവുമായ പാചകവേലയെ അതിന്റെ സർഗ്ഗാത്മക വശങ്ങൾക്കു പ്രാമുഖ്യം കൊടുത്ത് ഒരു കലയാക്കാനുള്ള സ്ത്രീയുടെ അഭിരുചി ഇവിടെയെല്ലാം സാക്ഷാൽക്കരിക്കപ്പെടുന്നുണ്ട്.

കേരളത്തിലെ തിരുവാതിര സ്ത്രീകളുടെ മാത്രം ആഘോഷമാണ്. അന്നത്തെ വിഭവങ്ങൾ ആചാരങ്ങൾ ആഘോഷങ്ങൾ എല്ലാം സ്ത്രീകൾക്കുമാത്രമുള്ളതാണ്. അവയെല്ലാം പ്രകൃതിയോടു, തിരുവാതിരക്കാലത്തെ കാലാവസ്ഥയോട് അങ്ങനെ ആരോഗ്യപരിപാലനത്തോട് എത്രയേറെ ജാഗ്രത പുലർത്തുന്നു എന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ലോകത്തെവിടെയും ഭക്ഷണ സംസ്ക്കരണത്തിൽ ഇത്തരം സ്ത്രീജാഗ്രതകളുമുണ്ട്. ആഫ്രിക്കയിലെ സഹേൽ ബക്കാനോ തുടങ്ങിയ പ്രദേശങ്ങളിൽ ഗ്രാമീണ സ്ത്രീകൾ അവിടെ സമൃദ്ധമായ ബർബാബ് വൃക്ഷത്തിന്റെ ഇല, കായ്, വേര് കപോക് മരത്തിന്റെ ഇലകൾ, ടൈഗർ മട്ടിന്റെ കിഴങ്ങുകൾ എന്നിവ ധാന്യത്തോടൊപ്പം ഭക്ഷണത്തിലുൾപ്പെടുത്തുന്നുണ്ട്. തെക്കൻ സുഡാനിൽ ചോളത്തിന്റെ വിത്തുകൾ തിരഞ്ഞെടുക്കുന്നത് സ്ത്രീകളാണ്. വടക്കൻ തായ്‌ലന്റിലെ കലേഷ്യൻ പ്രദേശത്ത് വന്യവും കൃഷി ചെയ്തെ

ISSN 2278-750X

ടുക്കുന്നതുമായ സസ്യങ്ങൾ ഏതുകാലത്ത് ഏതെല്ലാം ഭക്ഷ്യയോഗ്യമാണെന്ന് തീരുമാനിക്കുന്നത് തങ്ങളുടെ നാട്ടറിവിന്റെ പിൻബലത്തിലാണ്. ഫിലിപ്പൻസിലെ ബുക്കിദോൺ പ്രവിശ്യയിൽ സ്ത്രീകളുടെ നാട്ടറിവും ഓർമ്മശക്തിയുംകൊണ്ട് കാർഷികവിളകളുടെ തദ്ദേശീയ വിത്തുകളുടെ ശേഖരം ഉണ്ടാക്കിയതിനെക്കുറിച്ച് റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. വിത്തുകളുടെ പ്രയോഗക്ഷമത തിരിച്ചറിയുന്നതിൽ ഗ്രാമീണ സ്ത്രീകൾക്കുള്ള അപാരമായ കഴിവിനെക്കുറിച്ച് തെക്കു പടിഞ്ഞാറേ നൈജീരിയയിൽ നിന്നുള്ള ചില റിപ്പോർട്ടുകൾ സംവദിക്കുന്നുണ്ട്. ദഹാറാഡൂണിൽ വനവകുപ്പുദ്യോഗസ്ഥർ കേലം 25 വൃക്ഷങ്ങളെ തിരിച്ചറിഞ്ഞപ്പോൾ ഗ്രാമീശസ്ത്രീകൾ 145 ഇനങ്ങളെ തിരിച്ചറിയുന്നതായി വന്ദനശിവ സൂചിപ്പിക്കുന്നു. ഇറാനിൽ നാട്ടറിവിന്റെ പിൻബലത്തിൽ നിലനില്പിനായി ഭൂമിക്കടിയിലെ തുരങ്കങ്ങളിൽ കൃഷി ചെയ്യാനുള്ള വിദ്യ സ്ത്രീകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. മാലിയിൽ ജട്രോഫ എന്ന സസ്യത്തിന്റെ വിവധ ഉപയോഗങ്ങൾ ഗ്രാമീണ സ്ത്രീകൾ സ്വീകരിച്ചിട്ടുള്ളതിനെ കുറിച്ച് Henning റിപ്പോർട്ട് ചെയ്യുന്നു. ജട്രോഫിന്റെ കുരുവിൽ നിന്നെടുക്കുന്ന എണ്ണ ഇന്ധനമായി ഉപയോഗിക്കുമ്പോൾ അതിന്റെ ചാരം ഔഷധമായും ഉപയോഗിക്കുന്നു.

ഇത്തരം നാട്ടറിവുകൾ നമ്മുടെ അടുക്കളകളേയും ഒരുകാലത്ത് സമ്പുഷ്ടമാക്കിയിരുന്നു. പഞ്ഞ കർക്കിടകത്തെ നേരിടാൻ മേടച്ചൂടിൽ നമ്മുടെ സ്ത്രീകൾ കൊണ്ടാട്ടങ്ങളുണ്ടാക്കിയിരുന്നു. മാങ്ങകൾ ഉപ്പിലിട്ടു വച്ചിരുന്നു. ഭക്ഷ്യലഭ്യതയ്ക്കനുസരിച്ച് ഭക്ഷ്യദൗർബ്ബല്യത്തെ നേരിടാനുള്ള പരിശീലനങ്ങളാണിവയെല്ലാം. ഇന്നത്തെ ഉപഭോഗസംസ്ക്കാരത്തിനു മുമ്പ് മലയാളി ശീലിച്ച ഈടുറ്റ ഒരു ഭക്ഷണക്രമമാണ് അതിൽ നിഴലിക്കുന്നത്. തുളസി, പനികൂർക്ക, കച്ചോലക്കിഴങ്ങ്, ചുവന്നുള്ളി ഇവയെല്ലാം അന്നത്തെ അടുക്കള വൈദ്യത്തിനു കൂട്ടായി നിന്നിരുന്നു.

ഹരിതവിപ്ലവം അരിയെക്കുറിച്ചുള്ള നമ്മുടെ നാട്ടറിവുകളെ തമസ്ക്കരിക്കുകയാണ് ചെയ്തത്. ഞവര അരി, ചാമര അരി എന്നിവയെല്ലാം ദുർലഭങ്ങളായി. പണ്ട് ക്ഷേത്രങ്ങളിൽ തവളക്കണ്ണൻ നെല്ലിൽ നിന്നുള്ള അവിലാണ് ഉപയോഗിച്ചിരുന്നത്. ഇന്നു തവളക്കണ്ണൻ നെൽ വിത്തുകൾ കാർഷികഗവേഷണസൂക്ഷിപ്പു ശാലകളിൽ മാത്രമായി, പിന്നെ ലാഭേച്ഛയില്ലാതെ പാരമ്പര്യത്തെ ആഗ്രഹിക്കുന്ന അപൂർവ്വം കർഷകരുടെ പക്കലും.

## അമ്മദൈവങ്ങൾ

തൃശ്ശൂരിലെ പ്രശസ്തമായ തേക്കിൻക്കാടിനെ ചുറ്റിപ്പറ്റിയുള്ള ഒരു ഐതിഹ്യമുണ്ട്. കൊച്ചി രാജ്യത്തെ ഉജ്ജ്വലനായ ഭരണാധികാരിയായിരുന്ന ശക്തൻ തമ്പുരാൻ നഗരമധ്യത്തിലെ കാട് വെട്ടിത്തെളിക്കാൻ ആജ്ഞാപിച്ചപ്പോൾ ഭഗവതിക്ഷേത്രത്തിലെ വെളിച്ചപ്പാട് തുള്ളി വന്നു. കാട് ഭഗവതിയുടെ ജടയാണെന്നും വെട്ടരുതെന്നും കല്പിക്കുകയും ചെയ്തു. എന്നാൽ അധൃഷ്യനായ ശക്തൻ തമ്പുരാൻ വെളിച്ചപ്പാടിന്റെ തലയറുത്ത് തന്റെ പദ്ധതി നടപ്പിൽ വരുത്തുകയും ചെയ്തു എന്നാണ് കഥ. കാടിനു വേണ്ടി വാദിച്ച ദേവിയുടെ പ്രതിപുരുഷനെ ആർദ്രതയോടെ അവതരിപ്പിക്കുന്ന പതിവ് ഈ കഥപറച്ചിലിൽ ഉണ്ടാകാറില്ല. ആസൂത്രിതമായ ഒരു നഗരവൽക്കരണത്തിന്റെ ശില്പിയെ നന്ദിയോടെ സ്മരിക്കുന്ന ശീലമാണ് ഈ കഥപറച്ചിലിലെന്നും നടക്കാറുള്ളത്. അതെന്താ




ISSN 2278-750X

യാലും ദ്രാവിഡശീലങ്ങളിൽ കാട്, മരം, പ്രകൃതി അമ്മ ദൈവങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ ഭഗവതീസ്ഥാനങ്ങളെ കാവ് എന്നാണ് വിളിക്കുന്നത്. കാവ് എന്നാൽ വൃക്ഷക്കൂട്ടം എന്നാണർത്ഥം. പക്ഷേ കുഞ്ഞിക്കാവ് എന്നിങ്ങനെ വരേണ്യവിഭാഗമായി ബന്ധപ്പെട്ടതാണെങ്കിലും പ്രയോഗങ്ങളുണ്ടായിരുന്നു. കാവ് എന്നതിനു പെൺകുട്ടി എന്ന അർത്ഥമാണ് ഇവിടെ വിവക്ഷ. ഭദ്രകാളിത്തോറ്റങ്ങളിൽ വർണ്ണിക്കുന്ന കാളി സിംഹം, ആന എന്നിവയെ കുണ്ഡലങ്ങളാക്കിയ വന്യത തന്നെയാണ്. കേരളത്തിലെ തെയ്യം, തിറ പടയണി എന്നിങ്ങനെയുള്ള തനത് കലകളുടെയെല്ലാം അടിസ്ഥാനം കാളി, ദാരിക യുദ്ധവും ദാരികാവധവുമാണ്. ഈ കഥകളുടെയെല്ലാം മർമ്മം എന്നത് ഉർവ്വരതയാണ്. പരിസ്ഥിതി നാശം വരുത്തിയ ദാരികൻ എന്ന ദാനവേന്ദ്രനെയാണ് ഭദ്രകാളി വധിക്കുന്നത്. ഈ ഭദ്രകാളിക്കളം വരയ്ക്കുമ്പോൾ ഒരു സ്തനം നെല്ലുകൊണ്ടും മറ്റേത് അരികൊണ്ടുമാണ് ചിത്രീകരിക്കുന്നത്.

കൃഷിയിടങ്ങളേയും സ്ത്രീകളേയും ഉപമിക്കുന്ന പതിവ് വേദങ്ങളിൽ ആരംഭിക്കുന്നു. വിവിധ സംസ്ക്കാരങ്ങൾ ഇതേ ഉപമ ഉപയോഗിക്കുന്നുമുണ്ട്. അറിഞ്ഞും അറിയാതെയും ഈ പതിവു ആചാരങ്ങളിലൂടെയും വാമൊഴികളിലൂടെയും ഇന്നും തുടരുന്നു. തെക്കൻ നാടുകളിൽ പെൺകുട്ടി ഋതുമതിയാകുമ്പോൾ നൽകുന്ന മധുരപലഹാരങ്ങളിൽ പ്രധാനമാണ് തിരളിയപ്പം. വൃശ്ചികത്തിലെ കാർത്തിക നാളിൽ വയലിൽ പന്തം കൊളുത്തി തിരളിയപ്പം നിവേദിക്കുന്ന പതിവുമുണ്ട്. ഇവിടെ വയലുകൾ ഉർവ്വരമാകുന്നതിന്റെ സൂചനകളാണ് ഈ ആചാരങ്ങളും നൽകുന്നത്. ആദ്യം കൃഷിയിറക്കുന്ന മണ്ണ് നമുക്ക് ഇന്നും കന്നിമണ്ണാണ്. ഇങ്ങനെ മണ്ണും പെണ്ണും പലപ്പോഴും സമാനപദങ്ങളും സമസ്തപദങ്ങളും പര്യായപദങ്ങളുമൊക്കെയാകുന്നു.

## കഥയും കവിതയും

ഒ.വി. വിജയൻ ഖസാക്കിന്റെ ഇതിഹാസത്തിൽ നടക്കാനിറങ്ങിയ രണ്ടു ജീവബിന്ദുക്കളിലൊന്നു കാലങ്ങൾക്കു ശേഷം അനിയത്തി നീയെന്നെ മറന്നുവല്ലേ എന്നു ചോദിച്ചപ്പോൾ അതു പ്രകൃതി പാരസ്പര്യത്തിന്റെ പുതിയ പാഠമായി. ശാകുന്തളം നാലാം അങ്കത്തിൽ പ്രകൃതിയും ശകുന്തളയും തോഴിമാരും തമ്മിലുള്ള ഹൃദയബന്ധങ്ങളെ വികാരതീവ്രതയോടെ കാളിദാസൻ ആവിഷ്ക്കരിക്കുമ്പോൾ അത് ഉപമാനങ്ങളില്ലാത്ത ഹരിത ആത്മീയതയുടെ, ഭൗമസദാചാരത്തിന്റെ പാഠങ്ങളാകുന്നു.

നാടൻ പാട്ടുകളിലും കഥകളിലും മിത്തുകളിലും അനുപമമായ സ്ത്രീ പ്രകൃതീ ബന്ധങ്ങളുടെ പ്രതിപാദ്യങ്ങൾ കാണാം. നമ്മുടെ നാട്ടിലെ അമ്മച്ചിപ്ലാവ് എന്ന സങ്കല്പം, ജിയുടെ 'ചന്ദനക്കട്ടിൽ' എന്ന കവിതയുടെ പ്രതിപാദ്യം ഇതെല്ലാം ഇതിനുദാഹരണങ്ങളാണ്. ആഫ്രിക്കൻ നാടോടിക്കഥകളിൽ പരാമർശിക്കുന്ന ഒരു സങ്കല്പമാണ് ജീവമരം (Life Tree). മുമ്പ് മരിച്ചവരുടെ ജീവവൃക്ഷങ്ങൾ സേചനം ചെയ്തു ഫലം കൊയ്തെടുക്കുക എന്നാണ് ഇതിനെച്ചുറ്റിപ്പറ്റിയുള്ള വിശ്വാസം. ലോകത്തെവിടെയുമുള്ള നാടോടി ബാലകഥകളിൽ ഈഷൽ വ്യത്യാസത്തോടെ വരുന്ന സമാനമായ ഇതിവൃത്തമാണ് രണ്ടാനമ്മയുടെ ക്രൂരതകളിൽ കഷ്ടപ്പെടുന്ന പെൺകുട്ടിയുടെ കഥ. ഇതിലെല്ലാം പെൺകുട്ടിയോ മരിച്ചുപോയ അമ്മയോ പൂവായും സസ്യമായും ഫലമായും മാറി അത്ഭു

ISSN 2278-750X

തങ്ങൾ പ്രവർത്തിക്കും. ഇങ്ങനെ ഏതു സംസ്കൃതിയിലും അനായാസമായി പരസ്പരം പരിവർത്തനം ചെയ്യാവുന്നവരായിരുന്നു സ്ത്രീയും, പ്രകൃതിയും. പൂത്തു കായ്ച്ചു നിൽക്കുന്ന മരം അമ്മയെപ്പോലെയാണെന്നു പല നാടൻ പാട്ടുകളും കഥകളും ആവർത്തിച്ചു പറയുന്നു. പൂനുള്ളൽപോലും തെറ്റായി കണ്ടിരുന്ന ഒരു സംസ്കൃതി നമുക്കുണ്ടായിരുന്നു. സന്യാസിമാർപോലും വീണപൂക്കളെടുത്തായിരുന്നു പൂജിച്ചിരുന്നത്.

എ.കെ രാമാനുജനും എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ച നാടൻ കഥകൾ എന്ന സമാഹാരത്തിലെ പൂക്കുന്ന മരം എന്ന കഥ വളരെ ശ്രദ്ധേയമാണ്. ഈ കഥയിലെ പെൺകട്ടി ചുറ്റുമുള്ളവർക്കു വേണ്ടി പൂമരമാകാൻ കഴിയുന്നവളാണ്. തുച്ഛമായ ജോലികൾ ചെയ്തു മകളെ വളർത്തുന്ന അമ്മയ്ക്കു മകളുടെ ഈ മനസ്സ് വിസ്മയകരമായിരുന്നു. അമ്മയെ ബോധ്യപ്പെടുത്താൻ ഒരിക്കൽ അവൾ അമ്മയ്ക്കു മുന്നിൽ പൂമരമായി. ഈ ദൃശ്യം കാണാനിടവന്ന രാജകുമാരൻ അവളെ വിവാഹം കഴിക്കുന്നു. എന്നാൽ മണിയറയിൽ സദാ പൂചൊരിയാൻ രാജകുമാരൻ അവളോട് ആവശ്യപ്പെട്ടുകൊണ്ടേയിരുന്നു. ക്രമേണ മറ്റു രാജകുടുംബാംഗങ്ങളും അവരാവശ്യപ്പെടുന്ന അവസരങ്ങളിലെല്ലാം അവളോടു പൂമരമാകാൻ പറയുന്നു. അങ്ങനെ അവൾ ഒരു വസ്തുവായി മാറുകയാണ്. തിരിച്ച് സ്ത്രീപദവി കൈവരിയ്ക്കാനാകാതെയായി. കഥയുടെ അവസാനത്തിൽ അവളോടു അനുകമ്പയുള്ളവർ ചൊരിഞ്ഞ ആർദ്രത കൊണ്ട് അവൾ പൂർവ്വ രൂപത്തിലെത്തുന്നു. ഓരോ പ്രാവശ്യവും പൂമരമാകുമ്പോൾ നിങ്ങൾക്കാവശ്യമുള്ള പൂ മാത്രം പറിയ്ക്കുക എന്നവൾ പറയുന്നുണ്ട്. എന്നാൽ അധികാരത്തിന്റെ ഗർവ്വിൽ രാജകുടുംബാംഗങ്ങൾ പൂമരത്തിൽ നിന്ന് ആവുന്നത്ര പൂക്കൾ പറിച്ചെടുക്കുന്നു. അവൾ- പൂമരം ശിലാതുല്യമായ വസ്തുവായി മാറുന്നു. ഈ കന്നട നാടൻ കഥ ഉപഭോഗസംസ്കൃതി എങ്ങനെ പ്രകൃതിയെ ഉർവ്വരമാക്കുന്നു എന്നാണ് ഓർമ്മിപ്പിക്കുന്നത്.

## വർത്തമാനകാലത്തിലെ സ്ത്രീ-പ്രകൃതി ബന്ധങ്ങൾ

1971 ൽ James Lovelock, Lynn Margulis ഉം ചേർന്ന് രൂപപ്പെടുത്തിയ Gaia Hypothesis ഭൂമിയിലെ സങ്കീർണ്ണമായ സ്വയം നിയന്ത്രണസംവിധാനത്തെക്കുറിച്ച് പടിഞ്ഞാറൻ നാടുകളിൽ ഒരു അവബോധമുണ്ടാക്കി എന്നാൽ 1970 ൽ തന്നെ വാണിജ്യപരമായ മരംമുറിക്കലിനെതിരെ രാജസ്ഥാനിൽ ചിപ്കോ പ്രസ്ഥാനം ആരംഭിച്ചിരുന്നു. ജോഡ്പൂർ രാജാവ് കൊട്ടാരം കെട്ടാനായി മരം മുറിയ്ക്കാൻ തുടങ്ങിയപ്പോൾ അമൃതാദേവി എന്ന പെൺകുട്ടി മരത്തെ കെട്ടിപ്പിടിച്ച് മരംമുറിക്കൽ തടയാൻ ശ്രമിച്ചു. ആ നാട്ടിൽ ജനിക്കുന്ന ഓരോ പെൺകുട്ടിയ്ക്കും അവളുടേതായി ഒരു മരം ഉണ്ടായിരിക്കും. തന്റെ സ്വന്തം വൃക്ഷത്തെയാണ് അമൃതാദേവി രക്ഷിയ്ക്കാൻ ശ്രമിച്ചത്. മരത്തിനു വേണ്ടി സ്വന്തം ജീവൻ ബലി നൽകിയ അതേ രീതിയിലാണ് പിന്നീട് ചിപ്കോ പ്രസ്ഥാനം ആരംഭിച്ചതും മരത്തെ കെട്ടിപ്പിടിച്ച് മരം മുറിക്കലിനെതിരായുള്ള പ്രതിഷേധം പ്രകടിപ്പിച്ചതും.

പരിസ്ഥിതി മലിനീകരണത്തിനെതിരെയുള്ള പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചത് റേച്ചൽ കാഴ്സന്റെ നിശ്ശബ്ദവസന്തം എന്ന കൃതിയാണ്. അമേരിക്കയിലെ കീടനാശിനി ലോബി അവിടെയുണ്ടാക്കിയ പരിസ്ഥിതി ആഘാതങ്ങൾക്കെതിരായുള്ള ബോധവൽക്കരണം നടത്തിയ കൃതിയാണ് നിശ്ശബ്ദവസന്തം.




ISSN 2278-750X

എഴുപതുകൾ മുതൽ തന്നെ ചൈനയിൽ പരിസ്ഥിതി അവബോധം കൊണ്ടുവരാൻ ശ്രമിച്ച വ്യക്തിയാണ് Mei Ng ഭൂമിയുടെ സുഹൃത്തുക്കൾ (Friends of Earth) എന്ന സംഘടനയിലൂടെ അവർ സ്ത്രീകളെ സംഘടിപ്പിച്ച് പലതലങ്ങളിലായി പരിസ്ഥിതി സംരക്ഷണത്തിനായി പ്രവർത്തിച്ചു വരുന്നു. 1975 ൽ മെക്സിക്കോ സിറ്റിയിൽ നടന്ന പ്രഥമ ലോകവനിതാ സമ്മേളനത്തിൽ സ്ത്രീകളും പരിസ്ഥിതിയും തമ്മിലുള്ള ബന്ധം വന്ദനശിവ അവതരിപ്പിച്ചു. വനസ്രോതസ്സുകളുടെ ശോഷണം വനപ്രാന്തങ്ങളിൽ കഴിയുന്ന ആളുകളുടെ വിശിഷ്യാ സ്ത്രീകളുടെ ജീവിതത്തെ എവിടെയെല്ലാം ബാധിക്കുമെന്നും വന്ദനശിവ വിശദീകരിച്ചു.

എഴുപതുകളിൽ തന്നെയാണ് Wangan Maahtai കെനിയയിൽ നടത്തിയ വനനശീകരണത്തിനെതിരായി നീക്കങ്ങൾ നടത്തിയത്. നമ്മുടെ സജീവമായ പരിസ്ഥിതിയെ സുരക്ഷിതമാക്കാൻ നമുക്കുള്ള കഴിവിനെ ആശ്രയിച്ചാണ് ഭൂമിയിൽ സമാധാനം എന്നാണ് Maahtai പറഞ്ഞത്. ആഫ്രിക്കയുടെ വനസമ്പത്ത് 2.9 ശതമാനമായി കുറഞ്ഞിരിക്കുകയാണെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട് അവർ 1977 ൽ തുടക്കം കുറിച്ചതാണ് Green Belt എന്ന പ്രസ്ഥാനം. വനനശീകരണത്തെത്തുടർന്ന് ഉണ്ടാകുന്ന വരൾച്ച ക്ഷാമം പോഷണവൈകല്യം എന്നിവ പരിഹരിക്കാനാണ് Maahtai ഇതിനു പുറപ്പെട്ടത്. ഈ സംരംഭത്തിൽ പങ്കെടുത്തവരിൽ 70 ശതമാനവും ഗ്രാമീണസ്ത്രീകളായിരുന്നു.

ഈ മേഖലയിലെ വന്ദനാശിവയുടെ സംഭാവനകൾ ഏറെ മൂല്യവത്താണ്. പരിസ്ഥിതി സംബന്ധമായ പ്രവർത്തനങ്ങളിൽ സ്ത്രീകൾക്കുള്ള പ്രസക്തിയാണ് വന്ദനാശിവ ചർച്ച ചെയ്തത്. സ്ത്രീകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു കാർഷികസംവിധാനം കൊണ്ടു വരുന്നതിലൂടെ കൂടുതൽ ഈടുറ്റതും ഫലപ്രദവുമായ കൃഷി സാധിതമാകുന്നു എന്ന് ഉദാഹരണസഹിതം വന്ദന ബോധ്യപ്പെടുത്തുന്നുണ്ട്. ജൈവവൈവിധ്യത്തേയും വൈവിധ്യ സംരക്ഷണത്തേയും നാട്ടറിവിന്റെ പശ്ചാത്തലത്തിൽ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വന്ദനശിവ ആരംഭിച്ചതാണ് 'നവധാന്യ' . ഒമ്പതു വിളകൾ പ്രതിനിധാനം ചെയ്യുന്നത് ഭാരതത്തിന്റെ സഞ്ചിതമായ ഭക്ഷ്യസുരക്ഷയെയാണ്. കാർഷികമായ നാട്ടറിവുകളുടെ പുനരുജ്ജീവനം അതിപ്രധാനമാണ്. പുതിയ വിത്തുക്കളും രാസവളങ്ങളും പൊടുന്നനെയുള്ള വിളസമൃദ്ധി തരുമെങ്കിലും അതു മണ്ണിനെ, ഉർവ്വരതയെ കാർഷികത്തുടർച്ചകളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ജൈവവൈവിധ്യത്തിലും സാംസ്ക്കാരിക വൈവിധ്യത്തിലും ഊന്നുന്ന സ്ത്രീകേന്ദ്രിതമായ പ്രവർത്തനങ്ങൾക്കു മാത്രമേ പ്രതീക്ഷിക്കുന്ന ഫലം തരാനാകൂ.

കൃഷിനാശം മൂലം ആത്മഹത്യ ചെയ്യുന്ന കർഷകരുടെ എണ്ണം ഭാരതത്തിൽ വർദ്ധിച്ചു വരികയാണ്. ഈ അവസരത്തിലാണ് സ്ത്രീകളുടെ ഇടപെടലുകൾ സവിശേഷശ്രദ്ധയാകർഷിക്കുന്നത്. വാറങ്കലിൽ ഇനഭാവി, ധമേര എന്നീ ഗ്രാമങ്ങളിൽ സ്ത്രീകൾ അതിജീവനത്തിന്റെ മാതൃകകൾ കാട്ടിത്തരുന്നു. പ്രകൃതിയുടെ വഴിയേ നടക്കുന്ന കർഷകവിധവകൾ പരമ്പരാഗതമായ മാർഗ്ഗങ്ങളിലൂടെ വിവിധയിനം കൃഷിവിളകൾ ഉല്പാദിപ്പിച്ച് സ്ത്രീ ശാക്തീകരണത്തിനു പുതിയ ഭാഷ്യം രചിക്കുന്നു.

പ്രകൃതിയെ വെറുക്കുന്നതും സ്ത്രീയെ വെറുക്കുന്നതും പരസ്പരാശ്രിതമാണെന്നു Ynestra King അഭിപ്രായപ്പെടുന്നു. ഭൂമി എന്ന ഗ്രഹത്തിന്റെ നിലനിൽപിനാവശ്യമായ സമാധാനം എല്ലാ മേഖലകളിലും ആവശ്യമുണ്ട്. അധീശത്വത്തിന്റെ ഭാഷ സംസാരിക്കുന്ന ഒരു സമൂഹത്തിന്റെ ബന്ധങ്ങൾ അധികാരത്തിന്റെ ശ്രേണീകൃതമായ ഒരു ചട്ടക്കൂടിനുള്ളിൽ നിലനിൽക്കുമ്പോൾ സ്ത്രീ സംബന്ധിയായ പ്രശ്നങ്ങൾക്കും പ്രകൃതി സംബന്ധിയായ പ്രശ്നങ്ങൾക്കും നിർദ്ധാരണം എളുപ്പമല്ല. അതുകൊണ്ടുതന്നെ സ്ത്രീകളുടെ മൂല്യങ്ങൾക്കും അനുഭവങ്ങൾക്കും ഒരു സാമൂഹിക പ്രാധാന്യം നൽകുന്ന അവസരങ്ങൾ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷങ്ങളുണ്ടാകണം. സ്ത്രീകളുടെ പക്ഷത്തു നിന്നുതന്നെയാണ് ഇവ ശക്തമായി ഉണ്ടാകേണ്ടത്. ടാൻസാനിയയിലെ ഗോത്ര വർഗ്ഗക്കാർക്കിടയിൽ ഏറെ പ്രചാരമുള്ള ഒരു പഴങ്കഥയുണ്ട്. മുയലേ- നീയെവിടെ പോകുന്നു– ഞാൻ ആനയെ കൊല്ലാൻ– നിനക്കതിനു കഴിയുമോ– നോക്കട്ടെ, ഞാൻ ശ്രമിക്കും, വീണ്ടും ശ്രമിക്കും, സാധിക്കും വരെ....

Ref:-


1) Mathias E, Frame work for Enhancing the use of Indigenious knowledge, 1.K.,

Development Mouiter 2 (1994) P 3-5.

2) Ramanujan A.K., Folk tales from India Panthon, 1994.

3) Vandana Siva, Staying a live, women ecology & survival in India, Zed Press, New Delhi, 1988.

4) Wargain Mahtai, The Green Belt Movement: Sharing the approaches and experiences, 1985.

5) Rachel Curson, Silent Spring, 1962.